## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1489 16.03.2015 -ലെ മറുപടിക്ക്**

## സർക്കാർ പരസ്യം നൽകിയ ഇനത്തിൽ ചെലവായ തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | **ശ്രീ.കെ.സി.ജോസഫ്**<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും സർക്കാർ പരസ്യം നൽകിയ ഇനത്തിൽ ഖജനാവിൽ നിന്നും ചെലവായ തുകയുടെ കണക്ക് വിശദമാക്കാമോ;

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും സർക്കാർ പരസ്യം നൽകിയ ഇനത്തിൽ ഖജനാവിൽ നിന്നും ചെലവായ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ടെൻഡർ | ഡിസ്പ്ലേ | ഇലക്ട്രോണിക് മാധ്യമം |
|---|---|---|---|
| 2011-12 | 6 കോടി | 24,88,92,778 | 5,28,93,924 |
| 2012-13 | 6 കോടി | 14,98,69,296 | 5,49,40,972 |
| 2013-14 | 6.5 കോടി | 11,78,52,200 | 5,73,84,209 |
| 2014-15 | 93207024 | 12,99,99,639 | 3,99,99,861 |

ആകെ ചെലവായ തുക 113,00,39,903

ആകെ ചെലവായ തുകയിൽ 30,78,07,305/- രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയിനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) സർക്കാർ നൽകിയ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച ഇനത്തിൽ 2015 ഫെബ്രുവരി അവസാനം വരെയുള്ള കണക്കുകൾ പ്രകാരം കൊടുത്ത് തീർക്കാനുള്ള തുകയുടെ കണക്കുകൾ വിശദമാക്കാമോ ;

(ബി) സർക്കാർ നല്കിയ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച ഇനത്തിൽ 2015 ഫെബ്രുവരി അവസാനം വരെയുള്ള കണക്കുകൾ പ്രകാരം പഴയ നിരക്കിൽ ഏകദേശം 26 കോടി രൂപ കൊടുത്ത് തീർക്കാനുണ്ട്. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

| | | | |
|---|---|---|---|
| (സി) | പത്ര ദൃശ്യ മാധ്യമങ്ങൾക്കും മറ്റും പരസ്യം നൽകുന്നതിനും പി.ആർ.ഡി വഴിയുള്ള പ്രസിദ്ധീകരണങ്ങൾക്കും ഉൾപ്പെടെ മൊത്തം എത്ര കോടി രൂപ തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിട്ടുണ്ട് ; | (സി) & (ഡി) | പത്ര ദൃശ്യ മാധ്യമങ്ങൾക്കും മറ്റും പരസ്യം നൽകുന്നതിനും പി.ആർ.ഡി വഴിയുള്ള പ്രസിദ്ധീകരണങ്ങൾക്കും ഉൾപ്പെടെ മൊത്തം 30 കോടി രൂപ തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. (ബഡ്ജറ്റ് വിഹിതം 19 കോടി, ഉപധനാഭ്യർത്ഥന 5 കോടി, അധിക ഫണ്ട് 6 കോടി) പരസ്യം നൽകുന്നതിന് അനുസരിച്ച് ബഡ്ജറ്റ് വിഹിതം ലഭ്യമാകാത്തതിനാൽ കൂടുതൽ ബാധ്യത ഉണ്ടായിട്ടുണ്ട്.ബില്ലുകൾ പൂർണ്ണമായും ലഭ്യമാകാത്തതിനാൽ അധിക ചെലവ് എത്ര ശതമാനമായിരിക്കുമെന്ന് വ്യക്തമായിട്ടില്ല. |
| (ഡി) | വകയിരുത്തപ്പെട്ട തുകയിൽ കൂടുതൽ ബാധ്യത ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അധിക ചെലവ് എത്ര ശതമാനമായിരിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ